# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **470** | 08.08.2017 - ൽ മറുപടിയ്ക്ക് |

## സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ജി.എസ്.ടി.യുടെ സ്വാധീനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി. ദിവാകരൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി., സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതൊക്കെ രീതിയിലാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. കൂടാതെ വികസിത രാജ്യങ്ങളിൽ സേവനമേഖല പൊതുവെ അഭൂതപൂർവ്വമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ സേവനമേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. അതു കൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ല. ഇ- കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വില്പനയായി കണക്കാ |

| | | | |
|---|---|---|---|
| | | | ക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി ലഭിച്ചിരുന്നില്ല. ജി.എസ്.ടി യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം റവന്യൂ വരുമാനത്തിൽ കുറവ് വരുമോ എന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് കരുതുന്നു. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയതു മൂലം ഉണ്ടായ അവ്യക്തതകളും ആശങ്കകളും മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | ചരക്കുസേവന നികുതിയിൽ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി പലഭാഗങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും വ്യാപാരസംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ട് ജില്ലാതലത്തിലും താലൂക്ക്തലത്തിലും ബോധവൽക്കരണക്ലാസുകൾ നടത്തുകയും അവർക്ക് നിരന്തരം സംശയനിവാരണം നടത്തുന്നതിനുവേണ്ടി ജില്ലാകേന്ദ്രങ്ങളിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതുമാകുന്നു. അവർ ഉന്നയിക്കുന്ന സാങ്കേതിക/നിയമ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ സെന്ററുകൾക്ക് കഴിയുന്നുണ്ട്. മാത്രവുമല്ല, പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും പരിഹാരം നേടാനും postgstquestions@kerala.gov.in എന്ന e-mail ഉം തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ